പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 281 — 20.06.2014- ൽ മറുപടിക്ക്

## അനാഥാലയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച നിബന്ധനകൾ

ചോദ്യം

ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)
ശ്രീ. എളമരം കരീം
ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും
സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ അനാഥാലയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; അനാഥാലയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പൊതുവിൽ ഉയർന്നു വന്ന ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെയാണ് അനാഥാലയങ്ങൾ പ്രവർത്തിക്കുന്നത്. 1960-ലെ Orphanage and other Charitable Homes (Supervision and Control) Act -ലെ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 1963 ൽ പുറപ്പെടുവിച്ച റഗുലേഷൻസ് പ്രകാരമാണ് ഓർഫനേജ് കൺട്രോൾ ബോർഡ് പ്രവർത്തിച്ചു വരുന്നത്. ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന തലത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സംസ്ഥാന സമിതിയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എം.എൽ.എ മാർ ഉൾപ്പെടെയുള്ളവർ അംഗങ്ങളായിട്ടുള്ള നിരീക്ഷണ സമിതിയും നിലവിലുണ്ട്. കൂടാതെ ജില്ലകളിൽ സാമൂഹ്യനീതി വകുപ്പ് ജില്ലാ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപനങ്ങളെ വിലയിരുത്തുന്നതിന് സംവിധാനം നിലവിലുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നാല് വർഷം കൂടുമ്പോൾ ഓർഫനേജ് കൺട്രോൾ ബോർഡ് എല്ലാ അടിസ്ഥാന സൗകര്യങ്ങളും നേരിട്ട് പരിശോധിച്ച് അംഗീകാരം പുതുക്കി നൽകി വരുന്നുണ്ട്. അനാഥാലയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ യഥാസമയം പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇവയുടെ പ്രവർത്തനം സംബന്ധിച്ച് നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അനാഥാലയങ്ങളിൽ കുട്ടികളുടെ പ്രവേശനത്തിനായി വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. സർട്ടിഫിക്കറ്റിൽ കുട്ടിയുടെ പേര്, മാതാപിതാക്കളുടെ പേരും പൂർണ്ണമായ മേൽവിലാസവും, നേറ്റിവിറ്റി, രക്ഷകർത്താക്കളുടെ ജോലി, കുടുംബത്തിന്റെ വരുമാനം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ 34,000/- രൂപയും നഗര പ്രദേശങ്ങളിൽ 38,000/- രൂപയുമാണ് കുടുംബ വാർഷിക വരുമാന പരിധിയായി നിശ്ചയിച്ചിട്ടുള്ളത്. അന്യ സംസ്ഥാനങ്ങളിൽ നിന്നും തൊഴിലവസരങ്ങൾ തേടിയും മറ്റുമായി ധാരാളം പേർ സംസ്ഥാനത്ത് താമസം ആരംഭിച്ച പ്രത്യേക സാഹചര്യത്തിൽ ഇവരുടെ കുട്ടികളും ഇവിടത്തെ സൗകര്യങ്ങൾ ഉപയോഗിച്ചതായി കണ്ടെത്തിയതിനാൽ ഈ കുട്ടികളെ സംസ്ഥാനത്തെ അനാഥാലയങ്ങളിൽ പ്രവേശിപ്പിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2013-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് ആവശ്യമായ രേഖകൾ നിശ്ചയിച്ചുകൊണ്ട് 22.06.2013 ലെ സ.ഉ.(പി)നം.52/2013/സാനീവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം സംസ്ഥാനത്തുള്ള കുട്ടികൾക്ക് അവരുടെ താമസ സ്ഥലത്തുള്ള വില്ലേജ് ഓഫീസർ നൽകുന്ന Destitution Certificate നിർബന്ധമാണ്. എന്നാൽ അന്യസംസ്ഥാനക്കാരായ കുട്ടികളെയാണ് ചേർക്കുന്നതെങ്കിൽ കുട്ടികളുടെ ഐഡന്റിഫിക്കേഷൻ വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ ശുപാർശ സഹിതം ഓർഫനേജ് കൺട്രോൾ ബോർഡിൽ സമർപ്പിക്കേണ്ടതും കൺട്രോൾബോർഡ് അംഗീകാരത്തോടെ പ്രവേശനം നടത്താവുന്നതുമാണ്. |

| | | | |
|---|---|---|---|
| (സി) | നിബന്ധനകൾക്ക വിരുദ്ധമായി പ്രവർത്തിച്ച സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കുകയുണ്ടായിട്ടുണ്ടോ; അംഗീകാരം ഇല്ലാതെയും നിബന്ധനകൾ ലംഘിച്ചും സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന അനാഥാലയങ്ങൾ സംബന്ധിച്ച നിലപാട് വിശദമാക്കാമോ; | (സി) | അനാഥാലയങ്ങളിൽ കുട്ടികളുടെ പ്രവേശനത്തിന് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾക്കെതിരെ ഓർഫനേജ് കൺട്രോൾ ബോർഡ് കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ബോർഡിന്റെ പ്രവർത്തനം ശക്തമാക്കിയതോടുകൂടി രജിസ്റ്റർ ചെയ്തിരുന്ന 2259 സ്ഥാപനങ്ങളിൽ ചിലത് സ്വയം പ്രവർത്തനം അവസാനിപ്പിക്കുകയും മറ്റുള്ളവയെ നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ അംഗീകാരമുള്ള 1978 സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിച്ച വരുന്നത്. |
| (ഡി) | മതനിരപേക്ഷ അടിസ്ഥാനത്തിൽ അനാഥാലയങ്ങൾ പ്രവർത്തിപ്പിക്കണം എന്ന നിർദ്ദേശത്തെക്കുറിച്ചുള്ള അഭിപ്രായം വെളിപ്പെടുത്താമോ? | (ഡി) | അനാഥാലയങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് അംഗീകാരം നൽകുന്നതിൽ ജാതി മത പരിഗണനയോ വിവേചനമോ കാണിക്കാറില്ല. പ്രവേശനത്തിന്റെ കാര്യത്തിലും മതാടിസ്ഥാനത്തിലുള്ള വിവേചനം പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബഹുഭൂരിപക്ഷം സ്ഥാപനങ്ങളും വിവിധ മതവിഭാഗങ്ങൾ നടത്തുന്നവയാണ്. ഓരോ മതവിഭാഗങ്ങളും നടത്തുന്ന സ്ഥാപനങ്ങളിലേയ്ക്ക് അതാത് മതവിഭാഗത്തിലെ കുട്ടികൾ പ്രവേശനം നേടുന്ന പതിവാണ് കണ്ടുവരുന്നത്. ഇത്തരം സ്ഥാപനങ്ങൾ മതപഠനവും മതാചാരങ്ങളും പാലിച്ച് നടത്തി വരുന്നതായും കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ